**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4664** **10-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ സ്റ്റേഡിയങ്ങളുടെ പരിപാലനത്തിന് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി സഹായത്തോടെ പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവയുടെ പരിപാലനത്തിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സ്ഥലം ഉടമസ്ഥരുമായി കായിക യുവജനകാര്യ ഡയറക്ടർ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ധാരണാപത്രത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ കായിക വകുപ്പിന്റെ അധീനതയിലായിരിക്കും. കൂടാതെ ടി സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനും, തുടർ പരിപാലനത്തിനുമായി ധാരണാ പത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള ജോയിന്റ് മാനേജമെന്റ് കമ്മിറ്റി, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് രൂപീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കായിക യുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചു കൊണ്ട് 'സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനവും, അറ്റകുറ്റപ്പണികളുടെയും ചുമതല പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത കമ്പനിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പങ്കാളിത്തം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (എം.ഒ.എ), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (എ.ഒ.എ) പ്രകാരം, ആയതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ